**30.08.2023**

# <u>KGBEU OU ബുള്ളറ്റിൻ 97/2023</u>

## വിഷയം: extension of business hours

ഇടപാടുകാർക്ക് സൗകര്യത്തിനായി ബാങ്കിംഗ് സമയം 10 മുതൽ 4 വരെ ആയി വർദ്ധിപ്പിച്ച തീരുമാനം സർക്കുലർ രൂപത്തിൽ പുറത്ത് വന്നിരിക്കുകയാണ്. ഈ ബാങ്കിലെ അംഗീകൃത സംഘടനകളുമായി ചർച്ചയേതും നടത്താതെ ബാങ്ക് മാനേജ്മെന്റ് വീണ്ടും ഒരു വലിയ തീരുമാനം കൈക്കൊണ്ടിരിക്കുന്നു. ജീവനക്കാരെയും ബാങ്കിനെയും ബാധിക്കുന്ന ഏതൊരു വിഷയത്തിലും പ്രധാനപ്പെട്ട മാറ്റങ്ങൾ വരുത്തുമ്പോൾ അവിടെ ജീവനക്കാരുടെ പ്രതിനിധി കളുടെ ഭാഗം കേൾക്കുക എന്നത് മാനേജ്മെന്റിൽ അർപ്പിതമായ കർത്തവ്യമാണ്. അത് വീണ്ടും ലംഘിക്കപ്പെട്ടിരിക്കുകയാണ്.

നേരത്തെ മാനേജ്മെന്റ് ഇതേ തീരുമാനം കൈക്കൊണ്ടതിനെതുടർന്ന് നമ്മുടെ സംഘട നയുടെ ശക്തമായ ഇടപെടലിന് ശേഷം പിൻവലിച്ചിരുന്നതാണ്. മറ്റു ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി ഇവിടുത്തെ ക്ലറിക്കൽ ജീവനക്കാർ നിസ്തുലമായ സേവനമാണ് ബാങ്കിന് വേണ്ടി ചെയ്തുകൊണ്ടിരിക്കുന്നത്. അതിരൂക്ഷമായ സ്റ്റാഫ് ഷോർട്ടേജിനിടയിലും കൗണ്ടറിൽ ഇരുന്ന് ചെയ്യേണ്ടുന്ന ഒരു ജീവനക്കാരന്റെ പണിയും ഓഫീസർമാർ ചെയ്യേണ്ടുന്ന ജോലികൾ ഉൾപ്പെടെയും പല ബ്രാഞ്ചുകളിലും ചെയ്യേണ്ടി വരുന്നത് ക്ലർക്ക്മാരാണ്. അത് കൊണ്ടാണ് പല ബ്രാഞ്ചുകളിലും പ്രവർത്തനങ്ങൾ താളം തെറ്റാതെ നിലനിന്ന് പോകുന്നത്.

ക്യാഷ് close ചെയ്ത് tally ആക്കിയതിനു ശേഷം തങ്ങളെ ഏൽപ്പിച്ച ജോലി കഴിഞ്ഞു എന്നാണ് മറ്റു ബാങ്കുകളിലെ ക്ലറിക്കൽ ജീവനക്കാർ കരുതുന്നതെങ്കിൽ (അതാണ് ശരി എന്നത് യാഥാർഥ്യം) ഇവിടുത്തെ ക്ലർക്കുമാർ അങ്ങനെയല്ല എന്ന് സാരം. ആ വിഭാഗം ജീവനക്കാർ എടുക്കുന്ന extra effort മനസ്സിലാക്കാതെയാണ് ഇതര ബാങ്കുകളിൽ എന്ന പോലെ ഇവി ടെയും business hours മാറ്റാൻ മാനേജ്മെന്റ് തുനിഞ്ഞത്.

ഈ വിഷയം ചർച്ച ചെയ്യുകയോ ജീവനക്കാരുടെ ഭാഗം കേൾക്കുകയോ ചെയ്യാതെ ഏകപക്ഷീയമായി നടപ്പിലാക്കാൻ തീരുമാനിച്ച ഈ നീക്കത്തിനെതിരായ ശക്തമായ പ്രതി ഷേധം SPD വിംഗ് ചുമതലയുള്ള ജനറൽ മാനേജരെ അറിയിച്ചിട്ടുണ്ട്. ജീവനക്കാരുടെ ഭാഗം കേൾക്കാനും യുക്തമായ തീരുമാനം എടുക്കാനും മാനേജ്മെന്റ് തയ്യാറായില്ലെങ്കിൽ വരും ദിവസങ്ങളിൽ ഇതിന്മേലുള്ള തുടർ നടപടികൾ സംഘടന കൈക്കൊള്ളും.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)